ഇൻവെസ്റ്റിഗേഷനിലിരിക്കുന്ന ജലസേചന പദ്ധതികൾ

* 606 [649] ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി:

,, എം.വി. രാഘവൻ:

,, പി.ആർ. ശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ജലസേചന പദ്ധതികൾ പുതുതായി ആരംഭിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ടുണ്ട്;

(ബി) അതിൽ കക്കടവ്, സൈലൻറ്വാലി തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുമോ?

തൊഴിലും ഭവനനിർമ്മാണവുംവകുപ്പു മന്ത്രി (ശ്രീ. എം.കെ. രാഘവൻ:)

(എ) ഇപ്പോൾ എട്ടു ജലസേചന പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ടുണ്ട്.

(ബി) കക്കടവ് പദ്ധതി അവയിൽ ഉൾപ്പെടുമെങ്കിലും സൈലൻറ്വാലി പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല.

ടൈറാനിയം കോംപ്ലക്സിൻെറ കെട്ടിട നിർമ്മാണ ജോലികൾ

* 607 [650] ശ്രീ. ബി.എം. ഷറീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈറാനിയം കോംപ്ലക്സിൻെറ കെട്ടിട നിർമ്മാണ ജോലികൾ തൃപ്തികരമായി പുരോഗമിക്കുന്നുണ്ടോ;

(ബി) ഇന്നത്തെ നിലയിൽ പണി മുന്നോട്ടുപോയാൽ ഏത് വർഷത്തിലായിരിക്കും അത് കമ്മീഷൻ ചെയ്യാൻ സാധിക്കുന്നത് എന്നു വ്യക്തമാക്കാമോ;

(സി) ടൈറാനിയം കോംപ്ലക്സിൻെറ മാനേജിങ് ഡയറക്ടർ കേരളത്തിലെ മറേറതെല്ലാം വ്യവസായ സ്ഥാപനങ്ങളിൽ ചുമതല വഹിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് കഴിഞ്ഞ വർഷം അദ്ദേഹം വിവിധയിനങ്ങളിൽപററിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

വ്യവസായവും വനവുംവകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) കെട്ടിടം പണി ആരംഭിച്ചിട്ടില്ല. സൈറ് ലവലിങ്ങ് ജോലി തൃപ്തികരമായി പുരോഗമിച്ചു വരികയായിരുന്നു. 13.3.1979 മുതൽ തൊഴിൽ തർക്കം മൂലം ഈ ജോലി നടക്കുന്നില്ല. മറെറല്ലാ പ്രവർത്തനങ്ങളും ഷെഡ്യൂൾ അനുസരിച്ച് നടക്കുന്നുണ്ട്. തൊഴിൽ തർക്കം പരിഹരിച്ച് സൈറു ലവലിങ്ങ് തുടരാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ബി) 1981 അവസാനത്തോടുകൂടി കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രാവൻകൂർ സിമൻറ്സിന്റെ മാനേജിംഗ് ഡയറക്ടർ, പള്ളത്തറ ബ്രിക്സിന്റെ ചെയർമാർ, സ്റ്റേറ്റ് ഇൻഡസ്ട്രിയൽ കേരളാ ലിമിറ്റഡിന്റെ ഡയറക്ടർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചുവരുന്നു.

(ഡി) കേരള മിനറൽസ് ആൻറ് മെറ്റൽസിൽനിന്നും ശമ്പളം ഇനത്തിൽ 28,800 രൂപയും യാത്രപ്പടിയിനത്തിൽ 4194 രൂപയും കഴിഞ്ഞ വർഷം പറ്റിയിട്ടുണ്ട്. ട്രാവൻകൂർ സിമൻറ്സിൽനിന്ന് ശമ്പളം ഇനത്തിൽ മാസം 2500 രൂപ കമ്പനി കൊടുക്കുന്നതിൽ 500 രൂപ ഫീസായി എടുത്ത് ബാക്കി രൂപ ഗവൺമെൻറിലേക്ക് അടച്ചുകൊണ്ടിരിക്കുന്നു. യാത്രപ്പടിയിനത്തിൽ ട്രാവൻകൂർ സിമൻറ്സിൽ നിന്നും 2180 രൂപ കഴിഞ്ഞ വർഷം പറ്റിയിട്ടുണ്ട്. മറ്റു കമ്പനികളിൽനിന്ന് ഒരു തുകയും പറ്റിയിട്ടില്ല.

സൈലൻറ്വാലി പദ്ധതി

* 608 [651] ശ്രീ. ടി.കെ. അബ്ദു:

,, എം.കെ. കൃഷ്ണൻ:

,, ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലൻറ്വാലി പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) എത്ര സംഖ്യ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ എത്ര സംഖ്യ വക കൊള്ളിച്ചിട്ടുണ്ട്; ഇതിൽ എത്ര ഇതിനകം ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി എത്ര ഏക്കർ സ്ഥലത്തിന് പ്രയോജനപ്പെടുമെന്നും എത്ര വിദ്യുച്ഛക്തി കിട്ടുമെന്നുമാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) സൈലൻറ് വാലി പദ്ധതിക്ക് 15.2.1973-ൽ കേന്ദ്ര ആസൂത്രണകമ്മീഷന്റെ അനുമതി കിട്ടിയിരുന്നു. എന്നാൽ റാസ്ക്ക് ഫോഴ്സ് ഫോർ ഇക്കോളജിക്കൽ പ്ലാനിംഗ് അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ പദ്ധതിയുടെ നടത്തിപ്പ് മാറ്റിവയ്ക്കണമെന്ന് 1976 ഒക്റ്റോബറിൽ നാഷണൽ കമ്മിറ്റി ഓൺ എൻവെയർമെൻറൽ പ്ലാനിംഗ് ആൻറ് കോ-ഓർഡിനേഷൻ ആവശ്യപ്പെട്ടു. റാസ്ക്ക് ഫോഴ്സിന്റെ ശുപാർശ അനുസരിച്ച് ചില സംരക്ഷണ നടപടികളും ആവശ്യപ്പെടുകയും അത് നിയമമാക്കുവാൻ കേരളാ ഗവൺമെൻറ് നടപടി സ്വീകരിക്കുകയും ചെയ്തു. പ്രൊട്ടക്ഷൻ ഓഫ് ഇക്കോളോജിക്കൽ ബാലൻസ് എന്ന പേരിൽ 30.12.1978-ൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. അത് 13.3.1979 ൽ നിയമസഭ ബിൽ ആയി പാസ്സാക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിനു കേന്ദ്രാനുമതി താമസിയാതെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇതിനുവേണ്ടി 58 കോടിരൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 40 ലക്ഷം രൂപ ഈ നടപ്പു സാമ്പത്തിക വർഷത്തിൽ (1978-79) വക കൊള്ളിച്ചിട്ടുണ്ട്. ഈ വർഷം 47.50 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly